(3) വൈകി കിട്ടിയ ഉത്തരങ്ങൾ

അനൗദ്യോഗിക സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വിദേശ ഫണ്ട്

134 (3733) ശ്രീ. ടി. എച്ച്. മുസ്തഫ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റെ ഉപസംഘടനയായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ എന്ന സ്ഥാപനത്തിന് ഗവൺമെന്റ് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ ;

(ബി) അതിന്റെ കണക്കുകൾ ഏതെങ്കിലും വകുപ്പോ അക്കൗണ്ടന്റ് ജനറലോ ആഡിറ്റ് ചെയ്യുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആര് ആഡിറ്റ് ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ ;

(ഡി) അനൗദ്യോഗിക സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വിദേശ ഫണ്ടിനെപ്പറ്റി അന്വേഷിക്കുവാൻ ഗവൺമെന്റിന് അധികാരമുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനത്തിന് ഏതെല്ലാം വിദേശരാജ്യങ്ങളിൽ നിന്നും എത്ര ഫണ്ട് ലഭിച്ചിട്ടുണ്ടെന്നും അത് എന്തിനു വേണ്ടിയായിരുന്നുവെന്നും അത് എപ്രകാരം ചെലവഴിച്ചുവെന്നും അന്വേഷിക്കുമോ ?

ഉത്തരം

(എ) ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററിന് സംസ്ഥാന സർക്കാർ ധനസഹായം നൽകുന്നുണ്ട്.

(ബി&സി) അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് ചെയ്യുന്നുണ്ട്.

(ഡി) സംസ്ഥാന പോലീസിന് അധികാരം നൽകിയിട്ടില്ല.

(ഇ) ഈ സ്ഥാപനത്തിന് ഒരു വിദേശരാജ്യത്തു നിന്നും ഫണ്ട് ലഭിച്ചിട്ടില്ല എന്നാണറിയിച്ചിട്ടുള്ളത്.

ആരാധനാലയങ്ങളെപ്പറ്റിയുള്ള വിവര ശേഖരണം

135 (3735) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. കെ. മണി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻസസെടുക്കുന്നതിന്റെ ഭാഗമായി ഏതെല്ലാം മതങ്ങളുടെ ആരാധനാലയങ്ങളെപ്പറ്റിയുള്ള വിവരങ്ങളാണ് ശേഖരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മതങ്ങളെ സംബന്ധിക്കുന്ന ആരാധനാലയങ്ങളെപ്പറ്റിയല്ലാതെ മറ്റെന്തെങ്കിലും വിവരങ്ങൾ ഇതിന്റെ ഭാഗമായി ശേഖരിക്കുന്നുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം വിവരങ്ങളെന്നു വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത വിവരങ്ങൾ ശേഖരിക്കുന്നതെന്തിനാണെന്ന് വ്യക്തമാക്കുവാൻ ബന്ധപ്പെട്ടവരോട് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ആരാധനാലയങ്ങളെക്കുറിച്ചുള്ള സെൻസസ് അല്ല മറിച്ച് കേരളത്തിലെ എല്ലാ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ ആരാധനാലയങ്ങളെക്കുറിച്ചുമുള്ള പഠനമാണ് ലക്ഷ്യമിട്ടത് എന്നാണ് കേരളത്തിന്റെ സെൻസസ് പ്രവർത്തനങ്ങളുടെ ചുമതലയുള്ള ഡയറക്ടർ അറിയിച്ചിട്ടുള്ളത്.

(ബി&സി) ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളാണ് കരട് ചോദ്യാവലിയിൽ ഉള്ളത്. കരട് ചോദ്യാവലികളുടെ ഒരു പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.*

(ഡി) ആരാധനാലയങ്ങളെ സംബന്ധിച്ച പഠനം ആണ് ഉദ്ദേശിച്ചിട്ടുള്ളത്. സാമൂഹികവും സാംസ്ക്കാരികവും ചരിത്രപരവുമായ ഒട്ടേറെ സംഭാവനകളിലൂടെ ആരാധനാലയങ്ങൾ സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങളുടെ ഒരു അവലോകനമാണ് ഈ പഠനം ലക്ഷ്യമിടുന്നത്.

ആരാധനാലയങ്ങളെക്കുറിച്ച് സർവ്വെ

136 (3736) ശ്രീ. കെ. പി. രാജേന്ദ്രൻ :

ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രിസ്ത്യൻ, മുസ്ലീം ന്യൂനപക്ഷങ്ങളുടെ ആരാധനാലയങ്ങളെക്കുറിച്ച് സർവ്വേ നടത്തുന്നതിന് സംസ്ഥാനത്ത് സെൻസസ് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ന്യൂപക്ഷങ്ങളുടെ ആരാധനാലയങ്ങളെ സംബന്ധിച്ച് സർവ്വേ നടത്തുന്നതിന് തീരുമാനിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് കേന്ദ്ര സെൻസസ് രജിസ്ട്രാർ ജനറലിന്റെ എന്തൊക്കെനിർദ്ദേശങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കേരളത്തിലെ ആരാധനാലയങ്ങളെ സംബന്ധിച്ച് പഠനം നടത്താൻ സംസ്ഥാന സെൻസസ് വകുപ്പ് എന്നാണ് തീരുമാനിച്ചതെന്നും ഈ തീരുമാനം എടുക്കുന്നതിന് എന്താണ് കാരണമെന്നും വ്യക്തമാക്കാമോ ;

(ഇ) കേരളത്തിലെ ഹിന്ദു ക്ഷേത്രങ്ങളെ സംബന്ധിച്ച് പഠനവും സെൻസസും നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly